9580
29/5/19

File No.FWLD-B1/98/2018-FWLD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - സെറ്റിൽമെന്റ് പ്രദേശത്ത് നിന്ന് ആഞ്ഞിലി, പ്ലാവ് എന്നീ മരങ്ങൾ മുറിക്കുവാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഗിരിജനങ്ങൾ / ആദിവാസി ഗോത്ര വർഗ്ഗക്കാർ / വനവാസികൾ സമർപ്പിച്ച ഒരു കൂട്ടം റിട്ട് പെറ്റീഷനുകളിൻമേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21/12/2017 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 27/05/2017 ലെ സ.ഉ. (കൈ) 28/2017/വനം നമ്പർ ഉത്തരവ് റദ്ദ് ചെയ്ത് ബഹു. ഹൈകോടതിയുടെ വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### വനം വന്യജീവി (ബി) വകുപ്പ്

**സ.ഉ.(കൈ) നം.13/2019/വനം** തീയതി,തിരുവനന്തപുരം, 27/05/2019

---

പരാമർശം:- 1. 15.03.1993-ലെ സ.ഉ (എം.എസ്) നം.23/93/വനം നമ്പർ ഉത്തരവ്.

2. 19.05.1993-ലെ സ.ഉ (എം.എസ്) നം. 36/93/വനം നമ്പർ ഉത്തരവ്.

3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) ന്റെ 30/04/2015 ലെ പ്രൊ (6)-4909/13 നമ്പർ കത്ത്

4. 27.05.2015-ലെ സ.ഉ (എം.എസ്) നം.40/2015/വനം നമ്പർ ഉത്തരവ്.

5. 09.07.2015-ലെ സ.ഉ (എം.എസ്) നം.49/2015/വനം നമ്പർ ഉത്തരവ്.

6. 15.12.2015-ലെ സ.ഉ (എം.എസ്) നം.103/2015/വനം നമ്പർ ഉത്തരവ്.

7. അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, കേരളയുടെ 06/09/2016, തീയതിയിലെ AAG-RT/WP(C)28274/2016 നമ്പർ കത്ത്.

8. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്സ്) ന്റെ 20/05/2016, 07/10/2016, 25/03/2017, 05/05/2017 തീയതികളിലെ പ്രൊ (5)-37617/15 നമ്പർ കത്തുകൾ.

9. 27/05/2017 - ലെ സ. ഉ. (കൈ) 28/2017/വനം നമ്പർ ഉത്തരവ്.

10. W. P (C) Nos 21051 - F, 28234 -D, 28269 -G, 28274 -H, 31653 -F, 34850 -E, 36929 of 2016 - M & 181 -W, 11475 - H, 16367 of 2017 U എന്നീ കേസുകളിലെ 21/12/2017 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധി.

11. 22.01.2019 തീയതിയിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ പ്രൊ (6)-52944/16 നമ്പർ കത്ത്.

## ഉത്തരവ്

പട്ടയം നൽകിയിട്ടുള്ള വനഭൂമിയിലും ഗിരിജൻ സെറ്റിൽമെന്റുകളിലും നിൽക്കുന്ന 11 ഇനങ്ങളിൽപ്പെട്ട മരങ്ങളായ മാവ്, പ്ലാവ്, അമ്പഴം, പുളി , നെല്ലി, കൊട്ടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർഓക്ക്, ആഞ്ഞിലി എന്നീ മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ ഉടമസ്ഥർക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം സർക്കാർ അനുവാദം നൽകിയിരുന്നു. മേൽ ഉത്തരവ് വ്യാപകമായ തോതിൽ ദുരുപയോഗപ്പെടുത്തി വരുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടയക്കാർക്കും ഗിരിജനങ്ങൾക്കും പട്ടയഭൂമിയിൽ നിന്നും ഗിരിജൻ സെറ്റിൽമെന്റുകളിൽ നിന്നും മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ അനുവാദം നൽകിയിട്ടുള്ള വൃക്ഷങ്ങളുടെ പട്ടികയിൽ നിന്ന് ആഞ്ഞിലി, പ്ലാവ് എന്നീ രണ്ടു വൃക്ഷങ്ങളെ നീക്കം ചെയ്യിരിക്കുന്നു. മേലിൽ പട്ടയക്കാർക്കും ഗിരിജനങ്ങൾക്കും ആഞ്ഞിലിയും പ്ലാവും മുറിച്ചെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല എന്നും, ആഞ്ഞിലിയും പ്ലാവും ഒഴികെയുള്ള ഒമ്പതിനം വൃക്ഷങ്ങൾ (മാവ്, അമ്പഴം, പുളി , നെല്ലി, കൊട്ടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർഓക്ക്) മുറിച്ചെടുക്കാനുള്ള അനുവാദം നിലവിലുള്ള പട്ടയഭൂമിയിലെ പട്ടയക്കാർക്കും ഗിരിജൻസെറ്റിൽമെന്റുകളിലെ ഗിരിജനങ്ങൾക്കും മാത്രമേ ബാധകമായിരിക്കുകയുള്ളൂ എന്നും, ഇതര വനപ്രദേശങ്ങൾക്ക് യാതൊരുതരത്തിലും ബാധകമായിരിക്കുകയില്ല എന്നും വ്യക്തമാക്കിക്കൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

2) പട്ടയം നൽകിയിട്ടുള്ള ഭൂമിയിലെ മരങ്ങൾ (ചന്ദനമരം) പട്ടാദാർ വില ഒടുക്കിയിട്ടുണ്ടെങ്കിൽ ഒടുക്കുന്ന മുറയ്ക്ക് മുറിച്ച് മാറ്റുന്നതിന് നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി അനുമതി നൽകാവുന്നതാണ് എന്ന് തീരുമാനിച്ചിരുന്നുവെങ്കിലും നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യാതെ ഇക്കാര്യങ്ങൾ പ്രായോഗികമാക്കാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ, പരാമർശം 2 ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി, പട്ടയഭൂമിയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി മരങ്ങൾ റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമായി മുറിച്ച് മാറ്റുന്നതിന്

അനുമതി നൽകുന്നതിന് സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം ( 3 ) ലെ ശുപാർശ അംഗീകരിച്ചുകൊണ്ട് പരാമർശം (2) ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി പട്ടയഭൂമിയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി മരങ്ങൾ റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ അനുമതിയ്ക്ക് വിധേയമായി മുറിച്ചുമാറ്റുന്നതിന് പരാമർശം ( 4 ) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

3) മേൽ ഉത്തരവ് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നുള്ള പരാതികളുടെ അടിസ്ഥാനത്തിൽ "വനം, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ അനുമതിക്കു വിധേയമായി " എന്ന നിബന്ധന ഒഴിവാക്കി പട്ടയഭൂമിയിൽ നിന്ന് ആഞ്ഞിലിയും പ്ലാവും മുറിക്കുവാൻ പരാമർശം (4) ലെ ഉത്തരവ് ഭേദഗതി ചെയ്ത് പരാമർശം (5) പ്രകാരം അനുമതി നൽകി ഉത്തരവായി. പട്ടയഭൂമിയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിയതു പോലെ ഗിരിജൻ സെറ്റിൽമെന്റുകളിലുള്ള പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ മുറിക്കുന്നത് ഗിരിജൻ സെറ്റിൽമെന്റുകളിലുള്ള ഗിരിജനങ്ങൾക്കും കൂടി "റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ അനുമതിക്കു വിധേയമായി" എന്ന നിബന്ധനയില്ലാതെ പരാമർശം ( 6 ) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം (6) ലെ ഉത്തരവ് പ്രകാരം ഗിരിജൻ സെറ്റിൽമെന്റുകളിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ മുറിക്കുന്നതിന് നൽകിയ അനുമതി Forest Conservation Act 1980, സെക്ഷൻ 2 - ന്റെ ലംഘനമായതിനാൽ ടി ഉത്തരവ് റദ്ദാക്കണമെന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ പരാമർശം ( 7 ) പ്രകാരം ആവശ്യപ്പെട്ടിരുന്നു. പരാമർശം (7) ലെ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം, പരാമർ ശം ( 8 ) ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഗിരിജൻ സെറ്റിൽമെന്റുകളിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ മുറിക്കുന്നതിന് ഗിരിജൻ സെറ്റിൽമെന്റുകളിലെ ഗിരിജനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും വനം വകുപ്പിലെ അതാത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ മേൽപ്രകാരം അനുമതി നൽകുന്നതിനുള്ള അധികാരപ്പെട്ട വനപാലകനായി ചുമതലപ്പെടുത്തിയും പരാമർശം ( 6 ) ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് 3 നിബന്ധനകളുടെയും 1 4 മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ മരങ്ങൾ

മുറിക്കുവാൻ അനുമതി നൽകിക്കൊണ്ട് പരാമർശം (9) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

4) സെറ്റിൽമെന്റ് പ്രദേശത്ത് നിന്ന് ആഞ്ഞിലി, പ്ലാവ് എന്നീ മരങ്ങൾ മുറിക്കുവാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഗിരിജനങ്ങൾ / ആദിവാസി ഗോത്ര വർഗ്ഗക്കാർ സമർപ്പിച്ച ഒരു കൂട്ടം റിട്ട് പെറ്റീഷനുകളിൻമേൽ ബഹു. ഹൈക്കോടതി പരാമർശം (10) പ്രകാരം പുറപ്പെടുവിച്ച 21/12/2017 ലെ വിധിന്യായത്തിൽ പരാതിക്കാരുടെ ആവശ്യങ്ങളിൻമേൽ തീരുമാനമെടുക്കുവാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന് നിർ ദ്ദേശം നൽകിയിരിക്കുന്നതിനോടൊപ്പം, പരാതിക്കാർ സ്വയം നട്ടുപിടിപ്പിച്ച മരങ്ങൾ മുറിക്കുവാൻ മാത്രമെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അനുമതി നൽകാവൂ എന്നും ഉത്തരവായി. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമപ്രകാരം നിലനിൽക്കാത്ത സർക്കാർ ഉത്തരവുകൾ റദ്ദ് ചെയ്യുവാനും ബഹു. ഹൈക്കോടതി ഉത്തരവിട്ടു.

5) പരാമർശം (10) ലെ ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ, ഹൈറേഞ്ച് സർക്കിൾ ഓഫീസിൽ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി പരാമർശം (11) ലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സ്) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ വിഷയം വിശദമായി പരിശോദിച്ച 27/05/2017 – ലെ സ.ഉ.(കൈ)28/2017/വനം നമ്പർ ഉത്തരവ് റദ്ദ് ചെയ്തും, ബഹു. ഹൈക്കോടതിയുടെ 21/12/2017 ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിന്സിപ്പല് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സ്), തിരുവനന്തപുരം.

File No.FWLD-B1/98/2018-FWLD

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.03.06 11:47:18 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്.

വനം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി. എ യ്ക്ക്